# പതിനാലാം കേരള നിയമസഭ

## പതിനാറാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ.997** **30.10.2019 ലെ മറുപടി**

## മണലായ ലിഫ്റ്റ് ഇറിഗേഷൻ പദ്ധതി

| ചോദ്യം | മറുപടി |
| --- | --- |
| **ശ്രീ.മഞ്ഞളാംകുഴി അലി :** | **കെ. കൃഷ്ണൻകുട്ടി<br>(ജലവിഭവ വകുപ്പുമന്ത്രി)** |
| (എ) പെരിന്തൽമണ്ണ മണ്ഡലത്തിൽ ആലിപ്പറമ്പ് പഞ്ചായത്തിലെ മണലായ ലിഫ്റ്റ് ഇറിഗേഷൻ പദ്ധതിയുടെ കൃത്യമായ എസ്റ്റിമേറ്റ് ദീർഘനാളായിട്ടും സമർപ്പിച്ചിട്ടില്ലെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;<br><br>(ബി) പ്രസ്തുത പദ്ധതിയുടെ എസ്റ്റിമേറ്റ് ചീഫ് എഞ്ചിനീയർ സൂപ്രണ്ടിംഗ് എഞ്ചിനീയർക്ക് എത്ര തവണ മടക്കി അയച്ചിട്ടുണ്ടെന്ന് അറിയിക്കാമോ;<br><br>(സി) എസ്റ്റിമേറ്റിലെ എല്ലാ അപാകതകളും ഒരുമിച്ച് ചൂണ്ടിക്കാണിക്കാത്തത് മൂലം പദ്ധതി നടപ്പിലാക്കുന്നതിന് കാലതാമസം ഉണ്ടായിട്ടുള്ളത് ഗൗരവമായി കാണുന്നുണ്ടോ; പ്രവൃത്തി അടിയന്തരമായി പൂർത്തിയാക്കുന്നതിന് നടപടി സ്വീകരിക്കുമോ? | (എ)യും (ബി)യും (സി)യും<br><br>പെരിന്തൽമണ്ണ മണ്ഡലത്തിൽ ആലിപ്പറമ്പ് പഞ്ചായത്തിലെ മണലായ ലിഫ്റ്റ് ഇറിഗേഷൻ പദ്ധതിയുടെ 5.00 കോടി രൂപയുടെ എസ്റ്റിമേറ്റ് ഡിബി8-2281/19 1.6.2019 തീയതി കത്ത് പ്രകാരം സൂപ്രണ്ടിംഗ് എഞ്ചിനീയർ സമർപ്പിച്ചിരുന്നു. എന്നാൽ ഇൻവെസ്റ്റിഗേഷൻ നടത്തി ജലലഭ്യതയും സ്ഥലലഭ്യതയും ഉറപ്പാക്കി ആവശ്യമായ സർട്ടിഫിക്കറ്റുകളും മെക്കാനിക്കൽ, ഇലക്ട്രിക്കൽ എസ്റ്റിമേറ്റുകളോടു കൂടി പുനർസമർപ്പിക്കാൻ 24.09.2019 ന് സൂപ്രണ്ടിംഗ് എഞ്ചിനീയർക്ക് മടക്കി അയച്ചിട്ടുണ്ട്. മേൽ അപാകതകൾ പരിഹരിച്ച് പുനർ സമർപ്പിക്കുന്ന മുറയ്ക്ക് ഫണ്ടിന്റെ ലഭ്യതയും പ്രവൃത്തിയുടെ പ്രായോഗികതയും പ്രയോജനവും കണക്കിലെടുത്ത് പദ്ധതി നടപ്പിലാക്കുന്നതിനുള്ള തുടർ നടപടികൾ സ്വീകരിക്കുന്നതാണ് |

സെക്ഷൻ ഓഫീസർ